പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5827 — 02.07.2019 ൽ മറുപടിയ്ക്ക്

## വ്യാവസായിക പരിശീലന വകുപ്പിൽ ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികയിലെ അംഗബലം

*ചോദ്യം*

ശ്രീമതി ഇ.എസ്.ബിജിമോൾ :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** വ്യാവസായിക പരിശീലന വകുപ്പിൽ നിലവിലുള്ള ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികകൾ എത്രയെന്നും ഏറ്റവും അവസാനമായി ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികയുടെ എണ്ണം വർദ്ധിപ്പിച്ച വർഷം ഏതെന്നും വ്യക്തമാക്കുമോ; | **(എ)** വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികകൾ ഉണ്ട്. 2008 ഡിസംബറിൽ ആണ് വ്യാവസായിക പരിശീലന വകുപ്പിൽ അവസാനമായി ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്/അസിസ്റ്റന്റ് ഡയറക്ടറുടെ ഒരു തസ്തിക ലോകബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനുവദിച്ചത്. താല്ക്കാലികമായി അനുവദിച്ച ടി തസ്തിക 2015-ൽ നിർത്തലാക്കി. |
| **(ബി)** പ്രസ്തുത വർഷം സർക്കാർ, സ്വകാര്യ മേഖലകളിൽ ഉണ്ടായിരുന്ന ഐ.ടി.ഐ.കളുടെയും ഐ.ടി.സി കളുടെയും എണ്ണം എത്രയെന്നും ഈ സ്ഥാപനങ്ങളിൽ പരിശീലനം നടത്തി വന്ന ട്രെയിനികളുടെ എണ്ണം എത്ര യെന്നും വ്യക്തമാക്കുമോ; | (ബി) 2008 വർഷത്തിൽ സർക്കാർ മേഖലയിൽ 47 ഐ.ടി.ഐകളും സ്വകാര്യ മേഖലയിൽ 336 ഐ.ടി.ഐകളും ഉണ്ടായിരുന്നു. 12180 ട്രെയിനികൾ സർക്കാർ മേഖലയിൽ പരിശീലനം നേടുകയുണ്ടായി. സ്വകാര്യ മേഖലയിലെ ട്രെയിനികളുടെ എണ്ണം വ്യക്തമാക്കുന്ന രേഖകൾ നിലവിൽ ലഭ്യമല്ല. |
| **(സി)** 2019 - 20 ൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും നിലവിലുള്ള ഐ.ടി.ഐ.കളുടെ എണ്ണവും അവിടെ പരിശീലനം നടത്തി വരുന്ന ട്രെയിനികളുടെ എണ്ണവും എത്രയെന്നും വ്യക്തമാക്കുമോ; | **(സി)** |

| മേഖല | ഐ.ടി.ഐ കളുടെ എണ്ണം | പ്രവേശനം നൽകുന്ന ട്രെയിനികളുടെ എണ്ണം |
|---|---|---|
| സർക്കാർ മേഖല | 99 | 28030 |
| സ്വകാര്യ മേഖല | 298 | 26849 |

| | | |
|---|---|---|
| **(ഡി)** ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | **(ഡി)** അധികാര പരിധിയിൽ വരുന്ന സർക്കാർ / സ്വകാര്യ ഐ.ടി.ഐകളിലെ ട്രെയിനിംഗ് അനുബന്ധ പ്രവർത്തനങ്ങളുടെ പരിശോധന നടത്തൽ, സർക്കാർ ഐ.ടി.ഐകളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങളുടെ ലേല നടപടികൾ, സർക്കാർ ഐ.ടി.ഐ വളപ്പിലെ ഫലവൃക്ഷങ്ങളുടെ ആദായം, ലേലം എന്നിവയുടെ മേൽനോട്ടം മുതലായവ ആണ് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിലെ ജീവനക്കാരുടെ ചുമതല. കൂടാതെ വകുപ്പ് മേധാവി നൽകുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്. |
| **(ഇ)** വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എണ്ണം ഇൻസ്പെക്ടർ ഓഫ് ട്രെയിനിങ് തസ്തികകൾ വകുപ്പിൽ നിലവിലുണ്ടെന്ന് കരുതുന്നുണ്ടോ; നിലവിലില്ലായെങ്കിൽ പ്രസ്തുത തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | **(ഇ)** ഇല്ല. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തിക വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

Bindu

സെക്ഷൻ ഓഫീസർ